## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2829.** **17.06.2019 ൽ മറുപടിയ്ക്ക്**

## കേരളത്തിലേക്കുള്ള ലഹരി വസ്തുക്കളുടെ വരവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ബാറുകൾ തുറന്നിട്ടും സംസ്ഥാനത്ത് മയക്കമരുന്ന് ഉപയോഗം പതിന്മടങ്ങ് വർദ്ധിച്ച സാഹചര്യം സർക്കാർ പരിശോധിക്കുകയുണ്ടായോ; | (എ) | സംസ്ഥാനത്ത് മയക്കമരുന്ന് ഉപയോഗം പതിന്മടങ്ങ് വർദ്ധിച്ചതായ സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) | എങ്കിൽ 2017-ൽ 304 കോടി രൂപയുടെയും 2018-ൽ 800- കോടി രൂപയുടെയും മയക്കമരുന്ന് സംസ്ഥാനത്ത് എക്സൈസ് പിടികൂടുകയുണ്ടായോ എന്നറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം നിരോധിത ലഹരി പദാർത്ഥങ്ങളുടെ ശേഖരണം, വിതരണം, ഉപഭോഗം എന്നിവയ്ക്കെതിരെ അതിശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അതിന്റെ ഫലമായി 2017-ൽ ഉദ്ദേശം 300 കോടി രൂപ മതിപ്പ് വിലയുള്ളതും 2018-ൽ ഉദ്ദേശം 650 കോടി രൂപ മതിപ്പ് വിലയുള്ളതുമായ മയക്കമരുന്ന് സംസ്ഥാനത്ത് എക്സൈസ് പിടികൂടിയിട്ടുണ്ട്. |
| (സി) | മറുനാടൻ തൊഴിലാളികളുടെ വരവ് സംസ്ഥാനത്ത് ലഹരി ഒഴുക്കിന് കാരണമാകുന്നുണ്ടോ; വിശദമാക്കുമോ ; | (സി) | മറ്റ് സംസ്ഥാനങ്ങളിൽ വളരെ വില കുറച്ച് ലഭിക്കുന്ന ലഹരി വസ്തുക്കൾ ഉപയോഗിച്ച് ശീലിച്ചിട്ടുള്ള മറുനാടൻ തൊഴിലാളികൾ സംസ്ഥാനത്തേക്കുള്ള ലഹരി വസ്തുക്കളുടെ വാഹകരായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ പ്രതികളായി നിരവധി മയക്കമരുന്ന കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടുളള ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിൽ പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ട്. |
| (ഡി) | സിന്തറ്റിക് ലഹരിയുടെ ഉറവിടമായ ഗോവയിലെ രഹസ്യകേന്ദ്രങ്ങളിൽ ഒട്ടേറെ മലയാളികൾ പ്രവർത്തിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഇ) | ഇത് കേരളത്തിലേക്കുള്ള ലഹരി ഒഴുക്കിന് ഒരു കാരണമാകുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ